

വിശകലനം/
ഫഹ്മീ ഹുവൈദി

# കൊടും വിപത്തിനു മുന്നിൽ

**ഇറാനു** നേരെയുള്ള സൈനികാക്രമണത്തെക്കുറിച്ച് ഇപ്പോൾ കേൾക്കുന്ന വർത്തമാനങ്ങൾ കളിയല്ല; കാര്യം തന്നെയാണ്. അത് യാഥാർഥ്യമായാൽ ഒരു വൻ ദുരന്തം തന്നെയായിരിക്കും. യുദ്ധം ഉണ്ടാകുമോ ഇല്ലേ എന്നല്ല; എപ്പോൾ, എങ്ങനെ, ആരെല്ലാം എന്നാണ് ഉയർന്നുകൊണ്ടിരിക്കുന്ന ചോദ്യങ്ങൾ. സെപ്റ്റംബർ 16-ന് *വാഷിംഗ്ടൺ പോസ്റ്റ്* നാറ്റോ സേനയുടെ മുൻ മേധാവി ജനറൽ വെസ്‌ലി ക്ലാർക്കിന്റെ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന നിർദേശങ്ങളാണതിൽ. ഇറാന്റെ വിവിധ കേന്ദ്രങ്ങൾക്കു നേരെയുള്ള ആക്രമണങ്ങളിലൂടെ ആരംഭിക്കുന്ന യുദ്ധം മൂന്ന് ആഴ്ച നീണ്ടുനിൽക്കും എന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലാണ് അത് എഴുതിയിട്ടുള്ളത്. ഇറാൻ യുറേനിയം സമ്പുഷ്ടീകരണം നിർത്തിവെക്കുന്നില്ലെങ്കിൽ യുദ്ധം ചെയ്യുകതന്നെ വേണമെന്ന ഫ്രഞ്ച് വിദേശകാര്യമന്ത്രി ബെർനാഡ് കോഷ്നറുടെ പ്രസ്താവന വന്നതും ഇതേ സമയത്താണ്. യു.എൻ രക്ഷാസമിതിയെക്കൊണ്ട് ഇറാനെതിരായ ശിക്ഷ കടുത്തതാക്കിത്തീർക്കാൻ അമേരിക്കയും യൂറോപ്പും കിണഞ്ഞ് ശ്രമിക്കുന്നുമുണ്ട്. പടിഞ്ഞാറിന്റെ ക്ഷമ കെടുന്നു എന്ന് സൂചിപ്പിക്കുന്ന അമേരിക്കയുടെ പ്രസ്താവനയിലും ഒരു യുദ്ധത്തിന്റെ മണമുണ്ട്.

കഴിഞ്ഞ വർഷം അവസാനം വാഷിംഗ്ടണിൽനിന്നും തെൽഅവീവിൽനിന്നും ലഭിച്ച ചില വാർത്തകളിൽ 2007 ശൈത്യകാലത്ത് ഇറാനെതിരെ ആക്രമണം നടക്കുമെന്ന സൂചനയുണ്ടായിരുന്നു. *യെദിയോത്ത് അഹ്റോനോത്ത്* എന്ന ഹീബ്രു പത്രത്തിന്റെ വെബ് സൈറ്റിൽ 2006 ഒക്ടോബർ 12-ന് പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ അമേരിക്കൻ വ്യോമസേനാ മുൻ മേധാവി ലഫ്. ജനറൽ തോമസ് മാകിനർനിയുടെ ഒരു പ്രസ്താവന ഉദ്ധരിച്ചിരുന്നു. അതിൽ അദ്ദേഹം പറയുന്നു: ഇറാന്റെ ആണവ പദ്ധതിക്ക് അന്ത്യം കുറിക്കാൻ 2007 ശൈത്യകാലത്ത് സൈനിക നടപടി സ്വീകരിക്കാൻ അമേരിക്ക നിർബന്ധിതമായേക്കും.... ഇരുപത്തിനാലും മുപ്പത്തിയാറും മണിക്കൂറിനിടയിൽ നിർബന്ധമായും തകർത്തു തരിപ്പണമാക്കേണ്ട 1500 ലക്ഷ്യങ്ങൾ ഇറാനിലുണ്ട്. ആണവപദ്ധതി അഞ്ചു വർഷത്തേക്ക് തടസ്സപ്പെടുത്താനാണിത്. ആദ്യ ആക്രമണത്തിൽ ബി-2, എഫ് 16 ഇനങ്ങളിൽപെട്ട 60 പോർ വിമാനങ്ങളാണ് പങ്കെടുക്കുകയെന്നും വ്യോമാക്രമണത്തെ പ്രതിരോധിക്കാനുള്ള ഇറാന്റെ സംവിധാനങ്ങൾ തകർക്കുകയായിരിക്കും ഇവയുടെ ലക്ഷ്യമെന്നും തുടർന്ന് തോമസ് മാകിനർനി വിശദീകരിക്കുന്നു. രണ്ടാം ഘട്ടത്തിൽ 400-ലധികം എഫ് 15, എഫ് 16 പോർ വിമാനങ്ങൾ പങ്കെടുക്കുമത്രെ. അവയോടൊപ്പം വൻ ആക്രമണം നടത്താൻ ശേഷിയുള്ള ബി 52, ബി 1 വിമാനങ്ങളുമുണ്ടാകും. പോർ വിമാനങ്ങൾക്ക് 150-ഓളം വിമാനങ്ങൾ ആകാശത്തുവെച്ച് ഇന്ധനം നൽകും. ഇവക്കെല്ലാം പുറമെ നിരീക്ഷണത്തിനും വിവരങ്ങൾ ചോർത്തിയെടുക്കാനുമായി പൈലറ്റില്ലാത്ത നൂറുകണക്കിന് ചെറുവിമാനങ്ങളും. പേർഷ്യൻ ഉൾക്കടലിൽ നിലയുറപ്പിച്ച പടക്കപ്പലുകളിൽനിന്ന് ഇറാനിലേക്ക് 500 മിസൈലുകൾ വിടുമെന്നും മുൻ ജനറൽ പറയുന്നു.

2007 അവസാനത്തോടെ ഇറാന്റെ ആണവപദ്ധതി ആക്രമിച്ചു തകർക്കാൻ അമേരിക്കൻ ഭരണകൂടം തീരുമാനിച്ചതായി ഇസ്രയേൽ ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടെന്ന് 2006 നവംബർ 7-ന് ഇസ്രയേലിലെ *മആരിവ്* സായാഹ്ന പത്രവും റിപ്പോർട്ട് ചെയ്തിരുന്നു. ഇറാഖിൽനിന്നുള്ള അമേരിക്കൻ പിന്മാറ്റത്തോടൊപ്പമാണ് ഇതുണ്ടാവുക എന്നും പത്രം തുടർന്നു. ഇറാന്ന് തിരിച്ച് ആക്രമണം നടത്താനുള്ള അവസരം പരമാവധി കുറക്കാൻ  ഇറാൻ ആക്രമണത്തിന്റെ മുന്നോടിയായാണ് അമേരിക്ക ഇറാഖിൽനിന്ന് സൈന്യത്തെ പിൻവലിക്കുക എന്നും റിപ്പോർട്ടിലുണ്ടായിരുന്നു.

ഇസ്രയേലിനാണ് ഈ ആക്രമണത്തിന് കൂടുതൽ താൽപര്യം. ഇസ്രയേലീ വ്യോമസേനാ മേധാവി ജനറൽ എൽയീസർ ഷകെദി ഇറാനെ നേരിടാനുള്ള ഇസ്രയേലീ സൈനിക വിഭാഗത്തിന്റെ മേധാവിയായി നിശ്ചയിക്കപ്പെട്ടതായി 2006 ആഗസ്റ്റ് 27-ന് ഇസ്രയേലീ പത്രം *ഹാരെറ്റ്സ്* വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. സൈന്യത്തിന്റെയും രഹസ്യാന്വേഷണ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ തമ്മിൽ ഏകോപിപ്പിക്കാനുള്ള ചുമതലയും അദ്ദേഹത്തിനാണത്രെ. വ്യോമസേനാ മേധാവിക്ക് ഈ ചുമതല നൽകിയത് ഇറാനെതിരെ മുഖ്യമായും വ്യോമാക്രമണമായിരിക്കും ഉണ്ടാവുക എന്നതിന്റെ സൂചനയാണ്. ബിൻയാമിൻ നെതന്യാഹു, യഹൂദ് ബാറാക്, ഷിമോൺ പെരസ് എന്നീ മുൻ പ്രധാനമന്ത്രിമാരുമായി ഇസ്രയേലീ പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ട് ഇറാനെതിരായ ആക്രമണത്തെക്കുറിച്ച് ചർച്ച ചെയ്തുവെന്ന് ഇസ്രയേലീ ടെലിവിഷൻ ചാനൽ 10 വെളിപ്പെടുത്തി. പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പെരസും അമേരിക്കൻ വൈസ് പ്രസിഡന്റ് ഡിക് ചെനിയും ഇറാന്റെ ആണവ പരിപാടിയെ പരസ്പര സഹകരണത്തോടെ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ചർച്ച നടത്തിയെന്ന് ഇസ്രയേലീ സ്രോതസ്സുകളും വെളിപ്പെടുത്തുകയുണ്ടായി.

കഴിഞ്ഞ വർഷം നവംബറിൽ ഇസ്രയേലീ പത്രങ്ങൾ ഒൽമെർട്ടിന്റെ അമേരിക്കൻ പര്യടനവും ബുഷുമായുള്ള കൂടിക്കാഴ്ചയും വലിയ ആഘോഷമാക്കുകയുണ്ടായി. ഇറാഖിലെ അവസ്ഥയോ മേഖലയിലെ മൊത്തം സാഹചര്യമോ മൂലം ഇറാന്റെ ആണവ പദ്ധതി നശിപ്പിക്കാൻ അമേരിക്ക മടിക്കുകയാണെങ്കിൽ ഇസ്രയേൽ അത് സ്വന്തം നിലക്ക് ചെയ്യുമെന്ന് ഒൽമെർട്ട് ബുഷിനെ അറിയിച്ചതായി ഇസ്രയേലീ ടെലിവിഷൻ ചാനൽ 1 പുറത്തുവിട്ടു. പിറ്റേ ദിവസം (നവംബർ 15) തന്നെ, മറ്റു മാർഗങ്ങളെല്ലാം പരാജയപ്പെട്ടാൽ ഇറാനെ ആക്രമിക്കാൻ മടിക്കില്ലെന്ന്

ബുഷ് പറഞ്ഞതായി ഇസ്രയേൽ–അമേരിക്ക ഉദ്യോഗസ്ഥതല ചർച്ചയിൽ പങ്കെടുത്ത വാഷിംഗ്ടണിലെ ഇസ്രയേലീ അംബാസഡറെ ഉദ്ധരിച്ച് ഇസ്രയേലീ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

അമേരിക്കൻ വിദേശനയത്തിൽ ഇസ്രയേൽ ലോബിയുടെ സ്വാധീനത്തെ കുറിച്ച് കഴിഞ്ഞ വർഷം പുറത്തുവന്ന ഒരു പഠനം അമേരിക്കയിൽ വലിയ ഒച്ചപ്പാടുണ്ടാക്കുകയുണ്ടായി. ഹാർവാർഡ് യൂനിവേഴ്സിറ്റിയിലെ സ്റ്റീഫൻ വാൾട്ടും ഷിക്കാഗോ യൂനിവേഴ്സിറ്റിയിലെ ജോൺ മിയർ ഷെയ്മറുമാണ് പഠനം നടത്തിയത്. ഇറാനോടുള്ള ഇസ്രയേൽ ലോബിയുടെ നിലപാടിനെക്കുറിച്ച് അതിൽ പ്രതിപാദിക്കുന്നുണ്ട്. ഇസ്രയേലാണ് അമേരിക്കയെ ഇറാനിൽ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുന്നതെന്ന് അവർ പറയുന്നു. 'ഇറാഖ് തീർച്ചയായും പ്രശ്നം തന്നെയാണ്. എന്നാൽ ഇറാനാണ് എല്ലാവർക്കും ഏറ്റവും വലിയ ഭീഷണി. ഇത് എല്ലാവരും മനസ്സിലാക്കിയേ പറ്റൂ'– ഇറാഖാക്രമണത്തിന്റെ ഒരു മാസം മുമ്പ് ഇസ്രയേലീ പ്രതിരോധ മന്ത്രി നടത്തിയ ഈ പ്രസ്താവന അവർ ഉദ്ധരിക്കുന്നുണ്ട്.

ഇറാന്റെ ആണവമോഹം അമേരിക്കക്ക് യഥാർഥത്തിൽ ഭീഷണിയല്ലെന്ന് ഇരുവരും ചൂണ്ടിക്കാട്ടുന്നു. ആണവശക്തിയായിരുന്ന സോവിയറ്റ് യൂനിയനുമായി സഹവർത്തിക്കാൻ അമേരിക്കക്ക് കഴിഞ്ഞു. ആണവരാജ്യങ്ങളായ ചൈന, ഇന്ത്യ, പാകിസ്താൻ, ഉത്തര കൊറിയ എന്നിവയുമായും സഹവർത്തിക്കാൻ കഴിയുന്നു. എങ്കിൽ ആണവ ഇറാനുമായും അമേരിക്കക്ക് സഹവർത്തിക്കാവുന്നതേയുള്ളൂ. ഇറാൻ യഥാർഥത്തിൽ ഇസ്രയേലിനാണ് ഭീഷണി. വാഷിംഗ്ടണിലെ സയണിസ്റ്റ് ലോബിയുടെ സമ്മർദം ഇല്ലായിരുന്നുവെങ്കിൽ ഇറാനോടുള്ള അമേരിക്കയുടെ നിലപാട് വ്യത്യസ്തമാകുമായിരുന്നുവെന്ന് ഈ ഗവേഷകന്മാർ പറയുന്നു. അമേരിക്കൻ ഭരണകൂടത്തിനുമേൽ ഇസ്രയേൽ നടത്തുന്ന പരസ്യമായ സമ്മർദത്തിലേക്ക് അവർ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. 2002 നവംബറിൽ ഏരിയൽ ഷാരോൺ ഇറാനെ നേരിടാൻ അമേരിക്കയെ ആഹ്വാനം ചെയ്തു. ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *ടൈംസ്* പത്രത്തിനു നൽകിയ അഭിമുഖത്തിൽ ലോക ഭീകരതയുടെ കേന്ദ്രം എന്നാണ് ഇറാനെ ഷാരോൺ വിശേഷിപ്പിച്ചത്. ഇറാഖധിനിവേശത്തിന്റെ പിറ്റേന്നുതന്നെ അമേരിക്ക ഇറാനുമേൽ ഉരുക്കു മുഷ്ടി പ്രയോഗിക്കണമെന്നും ഷാരോൺ ബുഷ്ഭരണകൂടത്തോട് ആവശ്യപ്പെടുകയുണ്ടായി. സദ്ദാം ഹുസൈനെ നീക്കം ചെയ്താൽ പോരെന്നും ഇറാനുയർത്തുന്ന ഭീഷണി കൂടി ഇല്ലായ്മ ചെയ്യാതെ അമേരിക്കയുടെ 'വിമോചന ദൗത്യം' അവസാനിക്കില്ലെന്നും അതിനാൽ ഇറാനിലെ ഭരണകൂടത്തെയും മാറ്റേണ്ടതുണ്ടെന്നും വാഷിംഗ്ടണിലെ ഇസ്രയേലീ അംബാസഡറും അമേരിക്കയോട് ആവശ്യപ്പെടുകയുണ്ടായി.

ഇറാനിലെ ഭരണമാറ്റം എന്ന ചിന്തക്ക് പിൻബലം നൽകുന്ന തെളിവുകളൊരുക്കാൻ നവയാഥാസ്ഥിതികർ സമയം പാഴാക്കിയിട്ടില്ലെന്ന് ഇരു ഗവേഷകരും പറയുന്നു. 2003 മെയിൽ ഇസ്രയേൽ–അമേരിക്ക ഫൗണ്ടേഷനും ഫൗണ്ടേഷൻ ഫോർ ദ ഡിഫൻസ് ഓഫ് ഡെമോക്രസീസും സംയുക്തമായി ഇറാനെക്കുറിച്ച് ഒരു ദിവസം നീണ്ടുനിന്ന കൺവെൻഷൻ സംഘടിപ്പിക്കുകയുണ്ടായി. ഇറാൻ ഭരണകൂടത്തെ മറിച്ചിടണമെന്ന് മിക്ക പ്രസംഗകരും ആഹ്വാനം ചെയ്തു. തുടർന്ന് ഇതേ ആവശ്യമുയർത്തിപ്പിടിക്കുന്ന പത്രവിശകലനങ്ങളുടെ പ്രളയമായിരുന്നു. വില്യം ക്രിസ്റ്റോൾ *വീക്ക്ലി സ്റ്റാന്റേഡിൽ* എഴുതിയത് അതിൽപെടുന്നു. മിഡിൽ ഈസ്റ്റിന്റെ ഭാവി നിർണയിക്കുന്നതിനുള്ള ഒന്നാമത്തെ പോരാട്ടമാണ് ഇറാഖ് വിമോചനമെന്നും എന്നാൽ ഏറ്റവും സുപ്രധാനവും വലുതും ഇറാനുമായുള്ള പോരാട്ടമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിലയിരുത്തൽ. ഇറാനുമായുള്ള പ്രശ്നം തീർക്കാൻ ബുഷ് ഭരണകൂടം ശ്രമിച്ചതാണെന്നും ഇസ്രയേൽ ലോബിയാണ് അതിന് തടസ്സം നിന്നതെന്നും സ്റ്റീഫൻ വാൾട്ടും ജോൺ മിയെർ ഷെയ്മറും നടത്തിയ പഠനത്തിൽ പറയുന്നു. ആണവ ഇറാൻ ഉയർത്തുന്ന ഭീഷണിയെക്കുറിച്ചും തെഹ്റാനിലെ 'ഭീകര' ഭരണകൂടത്തെ പ്രീണിപ്പിച്ചാലുള്ള പ്രത്യാഘാതത്തെക്കുറിച്ചും മുന്നറിയിപ്പ് നൽകിയും അമേരിക്കൻ മൗനം ഇറാനെതിരെ സുരക്ഷാ നടപടികൾ സ്വീകരിക്കാൻ ഇസ്രയേലിനെ നിർബന്ധിതമാക്കുമെന്ന് ഓർമിപ്പിച്ചും ഇസ്രയേൽ ലോബി നിരന്തരം സമ്മർദം ചെലുത്തുകയായിരുന്നുവെന്ന് പഠനം വ്യക്തമാക്കുന്നു.

അമേരിക്കയുടെ ഇറാനാക്രമണ പദ്ധതിയെക്കുറിച്ച് ധാരാളം ചർച്ച നടക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഏപ്രിലിൽ *ന്യൂയോർക്കർ* മാഗസിനിൽ വന്ന സെയ്മർ ഹെർഷിന്റെ റിപ്പോർട്ടിൽ പദ്ധതിയുടെ പല വശങ്ങളും അനാവരണം ചെയ്യുന്നുണ്ട്. മറുവശത്ത്, ആക്രമണത്തോടുള്ള ഇറാന്റെ പ്രതികരണം എങ്ങനെയായിരിക്കും എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ വളരെ കുറവാണ്. അതേക്കുറിച്ച് പല ചോദ്യങ്ങളും അവശേഷിക്കുന്നു. എന്നാൽ ഇറാൻ ഇറാഖല്ല എന്ന കാര്യത്തിൽ നിരീക്ഷകരും ഗവേഷകരുമെല്ലാം ഒറ്റക്കെട്ടാണു താനും. ആക്രമണം നടത്തുന്നവർക്കും (അമേരിക്ക) അതിന് പ്രേരിപ്പിക്കുന്നവർക്കും (ഇസ്രയേൽ) ശക്തമായ തിരിച്ചടി നൽകാൻ ഇറാന് സൈനികശേഷിയുണ്ടെന്നും അവർ അംഗീകരിക്കുന്നു.

ലണ്ടനിലെ ഇന്റർനാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്ട്രാറ്റജിക് സ്റ്റഡീസിന്റെ 2006–ലെ റിപ്പോർട്ടിൽനിന്ന് ഇറാന്റെ സൈനികശേഷിയെ കുറിച്ച ചില വിവരങ്ങൾ ലഭ്യമാണ്. രണ്ടായിരത്തോളം വരുന്ന വിവിധ തരം പ്രതിരോധ ആയുധങ്ങൾ ഇറാൻ നിർമിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. വെടിക്കോപ്പുകൾ, പോർ വിമാനങ്ങൾ, മിസൈൽ ബോട്ടുകൾ, സാറ്റലൈറ്റുകൾ തുടങ്ങിയവ അതിൽപെടുന്നു. മുപ്പതിലേറെ രാജ്യങ്ങളിലേക്ക് ഇറാൻ സൈനിക സാമഗ്രികൾ കയറ്റിയയക്കുന്നുണ്ട്. ഇവയിൽ ഏഴ് യൂറോപ്യൻ രാജ്യങ്ങളും ഉൾപ്പെടും. ഷായുടെ ഭരണകാലത്ത് മൂന്ന് അമേരിക്കൻ കമ്പനികൾ ഇറാനിൽ ഹെലികോപ്റ്റർ, വിമാനം, മിസൈൽ തുടങ്ങിയവയുടെ ഘടകങ്ങൾ നിർമിച്ചിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. ഇറാൻ–ഇറാഖ് യുദ്ധകാലത്ത് ഈ വ്യവസായം കൂടുതൽ വിപുലമായി. 45 മുതൽ 2000 വരെ കിലോ മീറ്റർ ദൂരം എത്താൻ ശേഷിയുള്ള വിവിധതരം മിസൈലുകളുടെ ശേഖരവും ഇറാന്റെ കൈവശമുണ്ട്. വ്യോമമേഖലയിലെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്ന 19 കേന്ദ്രങ്ങളും അവയിൽ ഒരു ലക്ഷത്തിലേറെ എഞ്ചിനീയർമാരുമുണ്ട്. ലൂറിസ്താൻ പ്രവിശ്യയിലെ ഒരു വ്യവസായ കേന്ദ്രത്തിന് വിവിധ ഇനത്തിൽപെട്ട എൺപതിനായിരം വിമാന ചട്ടക്കൂടുകൾ നിർമിക്കാൻ കഴിയും. ഈ സാങ്കേതികവിദ്യ കരസ്ഥമാക്കിയ രാജ്യങ്ങളിൽ മിഡിൽ ഈസ്റ്റിൽ ഒന്നാം സ്ഥാനവും ലോകത്ത് ഏഴാം സ്ഥാനവും ഇറാനാണെന്നും റിപ്പോർട്ടിൽ പറയുന്നു. ലോകത്ത് മൂന്നാം സ്ഥാനത്തുള്ള 'ഹെലികോപ്റ്റർ പട' ഇറാന്റേതാണ് എന്നാണ് കരുതപ്പെടുന്നത്. വൻതോതിലുള്ള ഹെലികോപ്റ്റർ നിർമാണം അതിന് കരുത്ത് പകരുന്നു. അൽ ഖുദ്സ് വ്യോമ വ്യവസായ കേന്ദ്രം വിവരശേഖരണത്തിനും യുദ്ധത്തിനുമുള്ള പൈലറ്റില്ലാത്ത ധാരാളം വിമാനങ്ങൾ നിർമിക്കുന്നുണ്ട്. കപ്പൽ, അന്തർവാഹിനി വേധ മിസൈലുകളുടെയും എളുപ്പം പ്രവർത്തിപ്പിക്കാവുന്ന മിസൈൽ ബോട്ടുകളുടെയും ശേഖരവും ഇറാൻ വികസിപ്പിച്ചിട്ടുണ്ട്.

ഭ്രാന്ത് മൂത്ത് ഇറാനാക്രമണം യാഥാർഥ്യമായാൽ എന്തെല്ലാമായിരിക്കും സംഭവിക്കുക? ഏതിനെയെല്ലാം ലക്ഷ്യ

മിട്ടായിരിക്കും ഇറാന്റെ തിരിച്ചടി? ഇസ്രയേല്‍ അവയിലുള്‍പ്പെടുമോ? ഇറാഖിലെ ഒരു ലക്ഷത്തി അറുപതിനായിരം അമേരിക്കന്‍ ഭടന്മാരുടെ റോള്‍ എന്തായിരിക്കും? ഗള്‍ഫ് രാഷ്ട്രങ്ങളെ നാഗരികമായും പാരിസ്ഥിതികമായും അത് എത്രത്തോളം ബാധിക്കും? ഇറാന് പുറത്തുള്ള ലക്ഷക്കണക്കിന് ശീഈ വിഭാഗക്കാരുടെ നിലപാടെന്തായിരിക്കും? അറബ്-ഇസ്‌ലാമിക ലോകത്ത് ആക്രമണത്തിന്റെ പ്രതിഫലനം എന്താവും? ഇങ്ങനെ ഒരുപാട് ചോദ്യങ്ങളുയരുന്നു.

സിറിയക്കു നേരെ രണ്ടാഴ്ച മുമ്പ് ഇസ്രയേല്‍ നടത്തിയ ആക്രമണത്തോട് അറബ്‌ലോകം കൈക്കൊണ്ട മൗനം വാഷിംഗ്ടണിനെയും തെല്‍അവീവിനെയും ആഹ്ലാദിപ്പിച്ചിരിക്കുന്നു എന്ന് *ന്യൂസ് വീക്ക്* വാരിക സെപ്റ്റംബര്‍ 25-ന്റെ ലക്കത്തില്‍ പറയുന്നു. ഇറാനാക്രമണവും അറബ്‌ലോകത്ത് ചലനമുണ്ടാക്കില്ലെന്നതിന്റെ സൂചനയായാണത്രെ അവര്‍ ഇതിനെ കാണുന്നത്. ഇത് തെറ്റായ നിഗമനമാണ്. ഭരണകൂടങ്ങളുടെ മൗനത്തിന്റെ അര്‍ഥം ജനങ്ങളും കീഴടങ്ങി അടങ്ങിയൊതുങ്ങിയിരുന്നുകൊള്ളും എന്നല്ല. മറ്റെല്ലാവരെയും അടിച്ചൊതുക്കാന്‍ കഴിയുംവിധം മേഖലയിലെ ഏക ശക്തിയായി ഇസ്രയേലിനെ മാറ്റാനാണ് ഇറാന്റെ സൈനികശക്തി തകര്‍ക്കുന്നത്. ഇത് തിരിച്ചറിയേണ്ടതുണ്ട്. നമ്മെ നേര്‍ക്കു നേരെ ബാധിക്കുന്നതാണിത്. നാം വെറും കാഴ്ചക്കാരല്ല. മറിച്ചു പറയുന്നവര്‍ നമ്മെയും അവരെതന്നെയും വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ●